(ഇ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ 135 പുരുഷന്മാർക്കും 3 സ്ത്രീകൾക്കും പരോൾ നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പരോൾ നൽകാത്തവർ 212 പുരുഷന്മാരും 5 സ്ത്രീകളുമാകുന്നു.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ശ്രീ. പി. ശ്രീധരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

90 (4525) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി തറട്ടയിൽ പുത്തൻവീട് ചെഞ്ചേരി, നാലാഞ്ചിറ പി. ഒ.-യിൽ താമസിക്കുന്ന ശ്രീ. പി. ശ്രീധരൻ 7-3-2003-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത അപേക്ഷ 1843/സി.എം./2003/ഡി.ആർ.എഫ്. എന്ന നമ്പരിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചതായുള്ള അറിയിപ്പ് അപേക്ഷകന് കിട്ടിയിട്ടും നാളിതുവരെയും ധനസഹായം അപേക്ഷകന് ലഭിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) അപേക്ഷകന് എത്രയും പെട്ടെന്ന് ചികിത്സാ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സമർപ്പിക്കുന്നു.

(ബി) അപേക്ഷയിന്മേൽ കൈക്കൊണ്ട ഗവൺമെന്റ് തീരുമാനം 25-4-2003-ലെ 20031/ജെ 1/03/റവ. നമ്പർ സർക്കാർ കത്തുപ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗുണഭോക്തൃവിഹിതം ഒഴിവാക്കുവാൻ നടപടി

91 (4526) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന കാർഷിക മേഖലയിലെ ജലസേചന പദ്ധതികൾക്ക് 20 ശതമാനം ഗുണഭോക്തൃ വിഹിതം കർഷകരിൽനിന്നും ഈടാക്കി അടയ്ക്കണമെന്ന നിബന്ധനകാരണം ഈ മേഖലയിലെ പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകരിൽനിന്നും ഗുണഭോക്തൃവിഹിതം പിരിച്ച് പദ്ധതി വിഹിതമായി അടയ്ക്കുവാൻ പ്രായോഗികമായി സാധിക്കാത്തതിനാൽ പ്രസ്തുത നിബന്ധന ഒഴിവാക്കുവാൻവേണ്ട നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഒൻപതാം പദ്ധതിക്കാലത്ത് പദ്ധതി വിഹിതമായി ലഭിച്ച തുകയുടെ വിനിയോഗം

92 (4527) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒൻപതാം പദ്ധതിക്കാലത്ത് അൺടൈഡ് ഫണ്ട് എന്ന നിലയിൽ എന്തു തുക കൊടുത്തു ; പദ്ധതിവിഹിതമായി നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച കണക്ക് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ കണക്ക് കേന്ദ്ര ഗവൺമെന്റിന് നൽകേണ്ടതുണ്ടോ ;

(സി) എങ്കിൽ പദ്ധതിവിഹിതം ചെലവഴിച്ചതു സംബന്ധിച്ച് എല്ലാ കണക്കും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് എന്തുകൊണ്ട് ശേഖരിക്കാൻ കഴിഞ്ഞില്ല എന്നു പറയുമോ ;

(ഇ) അൺടൈഡ് ഫണ്ടിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3971.49 കോടി ഉണ്ട്.

(ബി) വിശദമായ കണക്ക് നൽകേണ്ടതില്ല.

(സി) ലഭിച്ച കണക്കിന്റെ തെറ്റുകൾ തിരുത്തുന്ന പ്രക്രിയ നടക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ലഭിച്ചിട്ടുണ്ട്. അതു പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly